പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 169

17.12.2012-ൽ മറുപടിക്ക്.

## പോലീസിനെ ആധുനികവൽക്കരിക്കാൻ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസിനെ ആധുനികവൽക്കരിക്കാൻ എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ; | : (എ) പോലീസ് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി MoPF പദ്ധതി പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, പുതിയ വാഹനങ്ങൾ ലഭ്യമാക്കൽ, അത്യാധുനിക രീതിയിലുള്ള ആയുധങ്ങളും ഉപകരണങ്ങളും ലഭ്യമാക്കൽ, ആധുനിക വാർത്താ വിനിമയ ഉപകരണങ്ങൾ, ട്രാഫിക് ഉപകരണങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, ആധുനിക പരിശീലന സൗകര്യങ്ങൾ, ഫോറൻസിക് സയൻസിന്റെ ആധുനികവൽക്കരണം തുടങ്ങിയവയാണ് പ്രസ്തുത പദ്ധതികൾ. |
| (ബി) പോലീസിനെ കൂടുതൽ ജനകീയമാക്കുന്നതിനും വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | : (ബി) പോലീസിനെ കൂടുതൽ ജനകീയമാക്കുന്നതിനും, വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനുമായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. 100 പോലീസ് സ്റ്റേഷനുകളിൽ കൂടി ജനമൈത്രി പോലീസ് സംവിധാനം വ്യാപിപ്പിക്കുക, പോലീസ് |

(മറുപുറം)

സ്റ്റേഷനുകളെ വനിതാ സൗഹൃദകേന്ദ്രങ്ങൾ ആക്കുക, സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തുക, അതിസങ്കീർണ്ണവും വ്യാപ്തി ആവശ്യമുള്ളതുമായ കേസുകൾക്കായി പുതിയ അന്വേഷണ വിഭാഗം രൂപീകരിക്കുക, സ്റ്റുഡന്റ്സ് പോലീസ് പദ്ധതിയ്ക്ക് കൂടുതൽ പ്രചാരം നൽകുക, സ്ത്രീകളുടെയും പട്ടികജാതി പട്ടികവർഗ്ഗത്തിൽ-പ്പെട്ടവരുടെയും പരാതികളിന്മേൽ ഉടൻ നടപടി സ്വീകരിക്കുക തുടങ്ങിയവയൊക്കെയാണ് പ്രസ്തുത പദ്ധതികൾ. കൂടാതെ ഓരോ പോലീസ് സ്റ്റേഷനിലും വനിതാ പോലീസ് ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും നേരിട്ട് പരാതി നൽകുന്നതിനുള്ള സംവിധാനം സുഗമമാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ഒരു പോലീസ് സ്റ്റേഷനിൽ നിന്നും കേരളത്തിലെ ഏതൊരു പോലീസ് സ്റ്റേഷനിലേയ്ക്കും പരാതി നൽകാവുന്നതാണ്.

(സി) പോലീസ് സേന ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

: (സി) പോലീസ് സേനയുടെ ആധുനിക-വൽക്കരണത്തിനായി MoPF പദ്ധതി, പ്ലാൻ പദ്ധതി, പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് സേനയ്ക്ക് ആവശ്യമായ നൂതന ആയുധങ്ങൾ, ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പരിശീലനങ്ങൾ, വാഹനങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ